# മണ്ണിനെ പൊന്നാക്കി ശാന്തൻപാറ കൃഷി വിജ്ഞാന കേന്ദ്രം

നെടുങ്കണ്ടം • ജൈവ പരിപാലനത്തിലൂടെ കുരുമുളക് കൃഷിക്ക് രോഗങ്ങൾ കുറയുന്നതായും കണ്ടെത്തൽ.

കേന്ദ്ര സർക്കാരിന്റെ ഗവേഷണ ആസ്ഥാനമായ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ കീഴിൽ ശാന്തൻപാറ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐസിഎആർ കൃഷിവിജ്ഞാന കേന്ദ്രത്തിന്റെയാണ് കണ്ടെത്തൽ. ഇതിന്റെ ഭാഗമായി കൃഷി വിജ്ഞാന കേന്ദ്രം കർഷകർക്കായി 'ഫീൽഡ് ഡേ' സംഘടിപ്പിച്ചു.

കുരുമുളക് വിളയിലെ സംയോജിത പോഷക പരിപാലനത്തിന്റെ അവലോകനവും നടത്തി. കർഷകരുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുക നൂതന കാർഷിക വിദ്യകൾ കർഷകരിലേക്ക് എത്തിക്കുക എന്നിവയാണ് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ലക്ഷ്യം. ഈ ആശയം ഉൾകൊണ്ട് കൃഷി വിജ്ഞാന കേന്ദ്രത്തിലെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (സോയിൽ സയൻസ്) മഞ്ജു ജിൻസി വർഗീസിന്റെ നേതൃത്വത്തിൽ കുരുമുളകിൽ ' സംയോജിത പോഷക പരിപാലനം' എന്ന കൃഷിരീതി കർഷകർക്കിടയിൽ വ്യാപിപ്പിക്കുകയാണ്.

മണ്ണിൽ പരിശോധന നടത്തി കുറയുന്ന മൂലകങ്ങൾ ജൈവ വളങ്ങളിലൂടെ വർധിപ്പിച്ചതോടെ കുരുമുളക് ഉൽപാദനം വർധിച്ചു. കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിലാണ് മണ്ണ് പരിശോധന നടത്തി മണ്ണിന്റെ ആരോഗ്യം വർധിപ്പിക്കുന്നത്. ഇതിന്റെ ഫലമായി മൂലക അപര്യാപ്തത പ്രശ്നങ്ങൾ കുറയുകയും, രോഗ കീട പ്രതിരോധശേഷി കൂടിയതായും കണ്ടെത്തി.

സംയോജിത പോഷക പരിപാലനത്തിൽ പരിശീലനം ലഭിച്ച കർഷകർ ആർജിച്ച അറിവുകൾ മറ്റ് കർഷകരിലേക്ക് പകർന്ന് നൽകാനാണ് ഫീൽഡ് ഡേ സംഘടിപ്പിച്ചത്.

ഇന്നലെ 11:30 ന് ആരംഭിച്ച ഫീൽഡ് ഡേയിൽ കർഷകർക്കൊപ്പം കൃഷി വിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോ. ബിനു ജോൺ സാം, പ്രീതു. കെ. പോൾ, എ.ആഷിബ, രാജകുമാരി കൃഷി ഓഫിസർ ജോൺസൻ എന്നിവർ പങ്കെടുത്തു.